**A** | സമഗ്രശിക്ഷാ കേരളം | **7001**

# അർധവാർഷിക മൂല്യനിർണ്ണയം 2023-24

## ആരോഗ്യ കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ് : 7 | സമയം : 2 മണിക്കൂർ
ആകെ സ്കോർ : 45

**നിർദേശങ്ങൾ**

- ആരോഗ്യ കായിക വിദ്യാഭ്യാസം കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപ്പേപ്പറിൽ ക്രമീകരിച്ചിട്ടുളളത്
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം പേര്, വിഷയം, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം

## ആരോഗ്യ കായിക വിദ്യാഭ്യാസം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക (4 x 1 = 4)**

1. ശരീരഭാരം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണത്തിന്റെ പേരെന്ത്?
   എ) ഡിസ്ക്ടൈപ്പ് വെയിങ്മെഷീൻ　　ബി) മീറ്റർ സ്കെയിൽ
   ബി) സ്റ്റേഡിയോ മീറ്റർ　　ഡി) തെർമോമീറ്റർ
2. ദൈർഘ്യമേറിയ കായികപ്രവർത്തനങ്ങളിലൊ മറ്റു പ്രവൃത്തികളിലൊ ഏർപ്പെടുമ്പോൾ ഓക്സിജൻ ലഭ്യമാക്കാനുള്ള ഹൃദയത്തിന്റേയും ശ്വസനവ്യവസ്ഥയുടെയും കഴിവാണ് ............. .
   എ) ഹൃദയശ്വസന ക്ഷമത　　ബി) അയവ്
   സി) ചുറുചുറുക്ക്　　ഡി) വേഗത
3. സന്ധികളിലെ ചലനസ്വാതന്ത്ര്യത്തിന്റെ തോതായ അയവ് പരിശോധിക്കാൻ ഉപയോഗിക്കുന്ന മാർഗ്ഗമാണ്.....
   എ) സിറ്റ് ആന്റ് റീച്ച്　　ബി) സിറ്റ് അപ്പ്
   സി) പുഷ് അപ്പ്　　ഡി) പുൾ അപ്പ്
4. സംഗീതത്തോടൊപ്പമൊ അല്ലാതെയൊ താളാത്മകമായി ദീർഘനേരം ചെയ്യുന്ന കായിക പ്രവർത്തനങ്ങളാണ് .........
   എ) എയ്റോബിക്സ്　　ബി) സൈക്ലിംഗ്
   സി) യോഗ　　ഡി) നീന്തൽ
5. ജീവിത ശൈലീ രോഗങ്ങളിൽ നിന്നു രക്ഷനേടാൻ ......... നമ്മളെ സഹായിക്കും
   എ) വീഡിയോ ഗെയിം　　ബി) സിനിമ കാണൽ
   സി) ഉറക്കം　　ഡി) കായിക പ്രവർത്തനങ്ങൾ

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക (4 x 2 = 8)**

6. ബോഡിമാസ് ഇൻഡക്സ് കണ്ടെത്തുന്നതെങ്ങനെ?
7. ശരിയൊ തെറ്റൊ എന്നെഴുതുക.
   എ) വെള്ളം കെട്ടിക്കിടക്കുന്ന ആഴമുള്ള സ്ഥലങ്ങൾക്കുസമീപം ഓടിക്കളിക്കുന്നത് കാൽവഴുതി വെള്ളത്തിൽ വീഴുന്നതിനിടയാക്കും.
   ബി) ഭക്ഷണം വായിലിട്ടുകൊണ്ട് നീന്തുന്നത് ഭക്ഷണം തൊണ്ടയിൽ കുരുങ്ങി ശ്വാസതടസ്സം ഉണ്ടാക്കില്ല

8. നീന്തലിന് ആവശ്യമായ 2 സുരക്ഷാ ഉപകരണങ്ങളുടെ പേരെഴുതുക.

9. ത്രികോണാസനത്തിന്റെ ഗുണങ്ങൾ എന്തെല്ലാം?

10. കായികക്ഷമത നിലനിർത്തുന്നതിനും വർധിപ്പിക്കുന്നതിനും ആവശ്യമായ കായിക പ്രവർത്തനങ്ങൾ എതെല്ലാം?

**11, 12 ചോദ്യങ്ങളിൽ ഒന്നിന് ഉത്തരമെഴുതുക** **(1 x 3 = 3)**

11. കളികളിലും കായിക പ്രവർത്തനങ്ങളിലും ഏർപ്പെടുമ്പോൾ ഉണ്ടാകുന്ന മൂന്നു ഗുണപരമായ മാറ്റങ്ങൾ എഴുതുക.

12. നീന്തൽ അഭ്യസിക്കുന്നതുകൊണ്ടുള്ള മൂന്നു ഗുണങ്ങൾ എഴുതുക.

## കലാവിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക** **(4 x 1 = 4)**

1. കേന്ദ്രലളിതകലാ അക്കാദമിയുടെ ചെയർമാനായിരുന്ന മലയാളി ശില്പി ആര്?
(ബാലൻ നമ്പ്യാർ, മീരാമുഖർജി, പുലക് ബിശ്വാസ്, എ.എസ്.നായർ)

2. അക്ബർ ചക്രവർത്തിയുടെ പണ്ഡിത സദസ്സിലെ ആസ്ഥാനഗായകൻ ആരായിരുന്നു?
(താൻസെൻ, ഹുമയൂൺ, ബാബർ, ജഹാംഗീർ)

3. താഴെക്കൊടുത്തിരിക്കുന്നതിൽ കേരളത്തിലെ ശാസ്ത്രീയ നൃത്തരൂപം ഏത്?
(കഥകളി, ഒഡീസി, കഥക്, മണിപ്പൂരി)

4. കഥാപാത്രങ്ങളെ നേരിൽ കാണാതെ സംഭാഷണത്തിലൂടെ നാടകാനുഭവം സാധ്യമാക്കുന്ന നാടക രൂപം ഏത്?
(റേഡിയോ നാടകം, മൂകാഭിനയം, ചവിട്ടുനാടകം, നൃത്തനാടകം)

5. ആനുകാലിക സംഭവങ്ങൾ ഹാസ്യാത്മകമായി ചിത്രീകരിക്കുന്ന ചിത്രകലാരീതിയുടെ പേരെഴുതുക
(ഛായാചിത്രം, ശില്പം, കാരിക്കേച്ചർ, കാർട്ടൂൺ)

6. തിരുവിതാംകൂറിന്റെ ഭരണാധികാരിയും സംഗീതജ്ഞനുമായ ഒരു പ്രതിഭയുടെ ചിത്രമാണ് താഴെ കൊടുത്തിരിക്കുന്നത്. അദ്ദേഹത്തിന്റെ പേര് എഴുതുക.



(സ്വാതിതിരുന്നാൾ, ഇരയിമ്മൻ തമ്പി, കുഞ്ചൻ നമ്പ്യാർ, ഉദയവർമ്മൻകോലത്തിരി)

**7, 8 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക** **(1 x 2 = 2)**

7. ചിത്രങ്ങൾക്കു നിറം നൽകാൻ ഉപയോഗിക്കുന്ന ഏതെങ്കിലും രണ്ടു മാധ്യമങ്ങളുടെ പേരെഴുതുക.

8. ഭാരതീയ സംഗീതത്തിലെ പ്രധാനപ്പെട്ട രണ്ട് സംഗീതശാഖകളുടെ പേരെഴുതുക.

**9 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക** **(2 x 3 = 6)**

9.. ക്ലാസ്മുറിയിൽ ഒരു ശില്പം നിർമ്മിക്കാനുള്ള ശ്രമത്തിലായിരുന്നു ആർട്ട് ടീച്ചർ. ശില്പ നിർമ്മാണത്തിനാവശ്യമായ പ്രകൃതിദത്ത വസ്തുക്കൾ കൊണ്ടുവരാൻ ടീച്ചർ ആവശ്യപ്പെട്ടു. ഏതൊക്കെ വസ്തുക്കൾ ആയിരിക്കാം കുട്ടികൾ ശേഖരിച്ചു കൊണ്ടുവരുന്നത്?

10. കർണാടകസംഗീതത്തിലെ "ത്രിമൂർത്തികൾ" എന്നറിയപ്പെടുന്നത് ആരെല്ലാം?



11. താഴെ കൊടുത്തിരിക്കുന്ന നൃത്തരൂപങ്ങളിൽ നിന്ന് കേരളത്തിന്റേതായ ശാസ്ത്രീയ നൃത്തരൂപങ്ങൾ തിരഞ്ഞെടുത്തെഴുതുക.



ഭരതനാട്യം



കേരളനടനം



കഥകളി




കഥക്



മോഹിനിയാട്ടം

12. താഴെ ചേർത്തിരിക്കുന്ന ചിത്രത്തെ ആസ്പദമാക്കി, അനുയോജ്യമായ സംഭാഷണങ്ങൾ ചേർത്ത് ലഘുനാടകമെഴുതുക?



**13, 14 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക** **(1 x 3 = 3)**

13. വ്യത്യസ്ത താളങ്ങളിലുള്ള പരിചിതമായ മൂന്ന് സിനിമാഗാനങ്ങളുടെ ആദ്യത്തെ വരി എഴുതുക.

14. സ്കൂൾ വിട്ടുവരുന്നവഴി അപ്രതീക്ഷിതമായി മഴ പെയ്തു. അപ്പുവിന്റെ കയ്യിൽ കുടയില്ല. മഴ നനഞ്ഞു വരുന്ന അപ്പുവിനെയും അവനൊപ്പമുള്ള പശ്ചാത്തലത്തെയും നിങ്ങളുടെ ഭാവനയിൽ വരച്ചു നിറം കൊടുക്കുക.


## പ്രവൃത്തിപഠനം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. (4 x 1 =4)**

1. താഴെക്കൊടുത്തിരിക്കുന്നവയിൽ സ്റ്റെൻസിൽ പ്രിന്റിംഗിന് ഉപയോഗിക്കുന്നതും, ഏറ്റവും കൂടുതൽ കാലം ഈട് നിൽക്കുന്നതുമായ വസ്തു ഏത്?
   (ചാർട്ട്പേപ്പർ, A4 ഷീറ്റ്, എക്സ്റേഷീറ്റ്, കളർപേപ്പർ)
2. എംബ്രോയിഡറി, ഫാബ്രിക് പെയിന്റിംഗ് എന്നീ തുണിയിൽ ചെയ്യുന്ന അലങ്കാരപ്രവർത്തനങ്ങളിൽ, ചിത്രം രചിക്കുന്നതിന് അനുയോജ്യമായ കാർബൺ പേപ്പറിന്റെ നിറം താഴെ കൊടുത്തിരിക്കുന്നവയിൽ ഏത്?
   (മഞ്ഞ, നീല, കറുപ്പ്, ചുവപ്പ്)
3. താഴെക്കൊടുത്തിരിക്കുന്നവയിൽ വ്യത്യസ്തമായത് ഏത്?
   (വാഴനാര്, ചകിരിനാര്, ചണം, പട്ടുനൂൽ)
4. പഴവർഗങ്ങൾ സംസ്കരിച്ച് സൂക്ഷിക്കുന്ന ഭക്ഷ്യോൽപ്പന്നം ഏത്?
   (ഫ്രൂട്ട് സലാഡ്, ജാം, ജ്യൂസ്, പായസം)
5. കുതിർത്ത പേപ്പർ, പശ എന്നിവ ചേർത്ത് അരച്ച്---------------- ഉണ്ടാക്കുന്നു.
   (പ്ലാസ്റ്റർ ഓഫ് പാരീസ്, കളിമണ്ണ്, പേപ്പിയർമെഷ്, ജിപ്സം)

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക (4 x 2 =8)**

6. വസ്ത്രങ്ങളിൽ അലങ്കാരത്തയ്യലുകൾ ചെയ്ത് ഭംഗികൂട്ടുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാവുമല്ലോ? നിങ്ങൾക്ക് അറിയാവുന്ന നാല് അലങ്കാരത്തയ്യലുകളുടെ പേരെഴുതുക.
7. കളിമണ്ണ് ഉപയോഗിച്ചുകൊണ്ട് ധാരാളം വസ്തുക്കൾ നിർമ്മിക്കാറുണ്ടല്ലോ. താഴെ കൊടുത്തിരിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.




8. ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുന്ന നാല് സ്റ്റേഷനറി വസ്തുക്കളുടെ പേരെഴുതുക.
9. യോജിച്ചവ ചേർത്തെഴുതുക

| എ | | ബി |
|---|---|---|
| എ) | സ്റ്റെൻസിൽ | • പൂച്ചട്ടികൾ |
| ബി) | കളിമണ്ണ് | • ശുചീകരണം |
| സി) | പേപ്പിയർ മെഷ് | • എക്സ്റേ ഷീറ്റ് |
| ഡി) | കംപോസ്റ്റ് പിറ്റ് | • മുട്ട ട്രേ |

10. എംബ്രോയ്ഡറി ചെയ്യുന്നതിനാവശ്യമായ നാല് സാധനസാമഗ്രികളുടെ പേരെഴുതുക.

**11, 12 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക (1 x 3 =3)**

11. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഒരു പോസ്റ്റർ തയ്യാറാക്കുക.
12. അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന ഏതെങ്കിലും നാല് പ്രകൃതിദത്ത വസ്തുക്കളുടെ പേരെഴുതുക. ഇത്തരത്തിൽ നിർമ്മിക്കുന്ന ഒരു അലങ്കാരവസ്തുവിന്റെ നിർമ്മാണരീതി വിവരിക്കുക.